# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം/പി6/414/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം/പി6/414/2023 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രതീഷ് സി.ആർ.ഓഡിറ്റ് ഓഫീസർ
അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
യോഗേഷ് ആർ, സീനീയർ ഗ്രേഡ് ഓഡിറ്റർ
ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഗിരിജ പുഷ്കരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി രതി ടി.നായർ | സെക്രട്ടറി | 01-04-2021 | 24-09-2021 |
| ശ്രീമതി ആശാ റാണി | സെക്രട്ടറി | 27-10-2021 | 31-03-2022 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2021 | 26-10-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നീതു രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശരത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജൂബി ഫ്രാൻസീസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 03-05-2021 |
| ഡോ.ശ്രീദേവി കെ.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 04-05-2021 | 25-06-2021 |
| ഡോ.സിമി സി.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-06-2021 | 31-03-2022 |
| ഡോ.പ്ലസൻ ജോയ് | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി മോൾ എ.വർഗീസ് | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി പൊന്നമ്മ കെ.ജെ. | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജു മോഹൻ | ബ്ലോക്ക് അസിസ്റ്റന്റ് (എ.ഇ.-ഇൻചാർജ്ജ്) | 01-04-2021 | 09-06-2021 |
| ശ്രീമതി ലീന വി. | ബ്ലോക്ക് അസിസ്റ്റന്റ് (എ.ഇ.-ഇൻചാർജ്ജ്) | 10-06-2021 | 15-11-2021 |
| ശ്രീമതി രേഖ ടി.നായർ | അസി.എഞ്ചിയനീയർ | 16-11-2021 | 31-03-2022 |
| ശ്രീമതി റഹ്യാനത്ത് ബീവി കെ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 06-10-2021 |
| ശ്രീമതി നീതു കെ.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-10-2021 | 02-12-2021 |
| ശ്രീമതി അഞ്ജന ആർ.നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-12-2021 | 31-03-2022 |
| ഡോ.ധന്യ രവി | മെഡിക്കൽ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ,ആയൂർവേദം | | |
| ഡോ.മനോജ്കുമാർ എം. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 27-07-2021 |
| Vacant | ഡയറി ഫാം ഇൻസ്പെക്ടർ | 28-07-2021 | 21-11-2021 |
| ശ്രീ.ലിബേഷ് മാത്യു | ഡയറി ഫാം ഇൻസ്പെക്ടർ | 22-11-2021 | 31-03-2022 |
| ശ്രീമതി ഗായത്രി എസ്.വി | അസി. സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീമതി റംല എം.വി | അസി. സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീമതി ഷീജ റ്റി.ജി | വി.ഇ.ഒ, പടിഞ്ഞാറേക്കര | 01-04-2021 | 23-02-2022 |
| ശ്രീ. പ്രവീൺകുമാർ എൽ | വി.ഇ.ഒ, പടിഞ്ഞാറേക്കര | 24-02-2022 | 31-03-2022 |
| ശ്രീ രജിമോൻ എ.പി | വി.ഇ.ഒ, ഉദയനാപുരം | 01-04-2021 | 08-05-2021 |
| ശ്രീമതി ഷീജ റ്റി.ജി | വി.ഇ.ഒ, ഉദയനാപുരം (അധിക ചുമതല) | 09-05-2021 | 10-10-2021 |
| ശ്രീ. പ്രവീൺകുമാർ എൽ | വി.ഇ.ഒ, ഉദയനാപുരം | 11-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 11 | ചെക്കുകൾ ക്ലിയർ ചെയ്യാത്തത് സംബന്ധിച്ച് | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | നേരേകടവ് -മാക്കെ കടവ് - കടത്ത് ലേലം - ലേലത്തുക പൂർണ്ണമായി അടവാക്കിയില്ല | 1-13 |
| 14 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് - നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല. | 1-14 |
| 15 | ഫെസ്റ്റവൽ അഡ്വാൻസ് നൽകിയത് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-15 |
| 16 | വെള്ളക്കരം-പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ റദ്ദ് ചെയ്തില്ല | 1-16 |
| 17 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-17 |
| 18 | ജനറേറ്ററിന് എ.എം.സി- കരാർ ചമയ്ക്കുന്നില്ല | 1-18 |
| 19 | വീട് വാസയോഗ്യമാക്കൽ- തുക അപര്യാപ്തം | 1-19 |
| 20 | ലൈഫ് ഭവന പദ്ധതി (ജനറൽ)- വീട് നിർമ്മാണം പൂർത്തിയാക്കിയില്ല | 1-20 |
| 21 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും - അനുവദനീയമായതിലും അധികം തുക നൽകി. | 1-21 |
| 22 | സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ - പ്രൊക്യൂർമെന്റ് മാന്വൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-22 |
| 23 | കറവപശുക്കളെ വാങ്ങൽ - സബ്സിഡി മാർഗരേഖ പാലിച്ചില്ല. | 1-23 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 1-24 |
| 25 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച തുക – തിരികെ ലഭ്യമായില്ല. | 1-25 |
| 26 | ലൈഫ് ഭവനപദ്ധതി (എസ്.സി)-ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 27 | അഗതി രഹിത കേരളം പദ്ധതി- പദ്ധതിത്തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല | 1-27 |

| | | |
|---|---|---|
| 28 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-28 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ. | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 26.02.2022 ലെ 2(1) നം. തീരുമാന പ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 3698713 | 9387886 |
| വരവ് | 128204420 | 81846943 |
| ആകെ | 131903133 | 91234829 |
| ചെലവ് | 126966229 | 79424256 |
| നീക്കിയിരിപ്പ് | 4936904 | 11810573 |

### 1-2 വാർഷിക ധനകാര്യ പത്രിക

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 21,39,56,067/- രൂപയും ചെലവ് 21,37,52,388/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 203679/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 10,81,69,778/- രൂപയും ബാധ്യതകളുടെ മൂല്യം 9,45,40,284/- രൂപയും ജനറൽ ഫണ്ട് 1,36,29,494/- രൂപയുമാണ്. 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ(പി)152/2017/തസ്വഭവ തീയതി 26.02.2011 പ്രകാരം പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.
2. പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2022-ലെ പഞ്ചായത്ത് ഫണ്ട് കൃത്യമല്ല.
3. തൻവർഷം ആസ്തി, ക്യാപിറ്റൽ എന്നിവയിലേക്ക് മാറ്റിയ തുകകളുടെ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ കൃത്യത ഉറപ്പാക്കാനായില്ല.
4. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ മൂല്യം ബി-11 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.
5. ശ്രീമതി.നയനാമണി, കാർത്യായനിഭവൻ എന്ന വ്യക്തി ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയ ഉദയനാപുരം വില്ലേജിലുൾപ്പെട്ട 1.72 ആർ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല.
6. വസ്തുനികുതിയുടെ കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.
8. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി B-11(a) ഷെഡ്യൂളിൽ 1498583 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ എ.ഇ യുടെ ഓഫീസിൽ നിന്നും ഹാജരാക്കിയിട്ടില്ല.
9. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുതയിനത്തിൽ ലഭ്യമായ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
10. ബി-18 ഷെഡ്യൂളിൽ, വിവിധ പ്രോജക്ടുകൾക്കായി മുൻവർഷങ്ങളിലേതുൾപ്പെടെ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുള്ള 43,79,047 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിലെ കൃത്യമായ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പ്രസ്തുത

തുക മുഴവനം വിനിയോഗ വിവരങ്ങൾ ലഭിക്കാതെ അവശേഷിക്കുതാണോയെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

11. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

12. തൊഴിലുറപ്പ് പദ്ധതി വാർഷിക കണക്കുകളിൽ ബാങ്ക് പലിശയിനത്തിൽ ലഭിച്ച 368/- രൂപ 21-22 സാമ്പത്തിക വർഷം ക്രഡിറ്റ് ആകാതിരുന്നതിനാൽ ഭരണചെലവുകളിലെ വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ RP 31, RP 40(b) എന്നീ ഷെഡ്യൂളുകളിലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

13. കോവിഡ് വരവുചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

14. ബി-9 ഷെഡ്യൂളിൽ Liability In R/o Stale Cheques എന്ന ഹെഡിൽ ഉൾപ്പെടുത്തിയ 570448/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

15. ICDS വിഹിതമിനത്തിൽ ലഭിച്ച 72094 രൂപ തെറ്റായ അക്കൗണ്ടിൽ വരവ് വെച്ചതിനാൽ RP-31ലെ വരവിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9387886 |
| ഓഡിറ്റ് വർഷത്തെ വരവ് | 81846943 |
| ആകെ | 91234829 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79424256 |
| നീക്കിയിരിപ്പ് | 11810573 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 973261 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19200000 | 19200000 | 19200000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10651699 | 10651699 | 9711427 | 940272 |
| വികസനഫണ്ട് റ്റി.എസ്.പി. | 0 | 19000 | 19000 | 0 | 19000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9131130 | 9131130 | 5980163 | 3150967 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 9420142 | 9420142 | 6956045 | 2464097 |
| ധനകാര്യ | 0 | 11398874 | 11398874 | 1032636 | 10366238 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് -ടൈഡ് | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 5024242 | 5024242 | 4744757 | 279485 |
| ഐ.സി.ഡി.എസ് | 1236952 | 803632 | 2040584 | 1377181 | 663403 |
| റ്റി.എസ്.സി | 968256 | 0 | 968256 | 0 | 968256 |
| ശുചിത്വമിഷൻ ഗ്രാന്റ് | 139300 | 99820 | 239120 | 99820 | 139300 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 351200 | 0 | 351200 | 0 | 351200 |
| സാക്ഷരത | 9022 | 246 | 9268 | 0 | 9268 |

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 5069867 രൂപ, 440000 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 80504 /- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 23.01.2021 ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ യോഗങ്ങളിൽ (04.02.21-18.02.21) അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 16.02.2021 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 18.09.2021 ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.
വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 118508514/- രൂപയും ആകെ ചെലവ് 53805150/- രൂപയുമാണ്. ആകെ 154 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 128 എണ്ണം തൻവർഷം നടപ്പാക്കി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 12 | 3264011 | 2541615 | 77.86 |
| 2 | വെറ്ററിനറി സർജൻ | 5 | 5 | 5056000 | 2460983 | 48.67 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 3 | 3 | 1000000 | 999825 | 99.98 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 1 | 1 | 600000 | 600000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 2 | 2 | 375000 | 375000 | 100 |
| 6 | വി.ഇ.ഒ-1 | 8 | 7 | 6015040 | 4331603 | 72.01 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 9 | 9 | 6015347 | 5187927 | 86.24 |
| 8 | സെക്രട്ടറി | 31 | 27 | 15077547 | 10256164 | 68.02 |
| 9 | സബ് ഇൻസ് പെക്ടർ ഫിഷറീസ് | 4 | 4 | 1044000 | 335990 | 32.18 |
| 10 | വി.ഇ.ഒ-2 | 9 | 7 | 21779600 | 4017819 | 18.45 |
| 11 | അസി.എൻജിനീയർ | 57 | 39 | 31498675 | 16930321 | 53.75 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 700000 | 700000 | 100 |
| 13 | അസി.സെക്രട്ടറി | 8 | 8 | 25283294 | 4470316 | 17.68 |
| 14 | ഹെഡ്മാസ്റ്റർ | 3 | 2 | 800000 | 597587 | 74.69 |
| | ആകെ | 154 | 128 | 118508514 | 53805150 | 45.4 |

## 1-6 തൊഴിലുറപ്പ പദ്ധതി

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 17 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം പുതുതായി 131 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർ ബജറ്റ് പ്രകാരം ആകെ 2879 പദ്ധതികൾ വിഭാവനം ചെയ്തതിൽ 619 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 371 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 230423 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2864 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. എസ്.സി.എസ്.റ്റി, ബി.പി.എൽ കുടുംബങ്ങളുടെ ഭൂവികസനം, സുഭിക്ഷ കേരളം പദ്ധതി, നഴ്സറി നിർമ്മാണം, വൃക്ഷ തൈ നടീൽ മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2021-22 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 259913 | 883340 | 1143253 | 1095718 | 47535 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകിയത് | 0 | 73676540 | 73676540 | 73676540 | 0 |

ബാങ്ക് പലിശയിനത്തിൽ ലഭിച്ച 368/- രൂപ 21-22 സാമ്പത്തിക വർഷം ക്രഡിറ്റ് ആകാതിരുന്നതിനാൽ ഭരണചെലവുകളിലെ വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ RP 31, RP 40(b) എന്നീ ഷെഡ്യൂളുകളിലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11438500 | 7658 |
| വിധവാപെൻഷൻ | 13594200 | 8913 |
| വാർദ്ധക്യകാലപെൻഷൻ | 34286700 | 26871 |
| വികലാംഗപെൻഷൻ | 5399800 | 3501 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 1266800 | 816 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2023, 3.18 PM ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,997/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകത പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടർന്നിരുന്നു. 01.04.2022 മുതൽ ILGMS സംവിധാനം ആണ്, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ, ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും

ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുള്ളത്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ ACR സൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല. പതിനൊന്ന് വാർഡുകളിലെ ഗ്രാമസഭ മിനിട്ട്സ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2017-08.06.2018 | 2012-13 മുതൽ 2016-17 വരെ | LBA(HE)11/8A-2637/17/18/125 |
| പെർഫോർമൻസ് ഓഡിറ്റ് | 24.06.2022 | 21-22 | ലഭ്യമായില്ല |

1-11 ചെക്കുകൾ ക്ലിയർ ചെയ്യാത്തത് സംബന്ധിച്ച്

1) ഗ്രാമപഞ്ചായത്തിലെ വിവിധ ബാങ്കുകളുടെ വർഷാന്ത്യ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ കളക്ഷനു നൽകിയ ചെക്കുകൾ 3 മാസത്തിനു ശേഷവും അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| SCB OWN FUND UDAYANAPURAM | | | |
|---|---|---|---|
| വൌച്ചർ നം., തീയതി | ചെക്ക് നം.,തീയതി | തുക | അക്കൌണ്ടിൽ വരവ് വരാത്തതിന് |

| | | | |
|---|---|---|---|
| | | | കാരണം |
| 12170900160/28.02.2022 | 30.04.22 | 2627 | Cheque Deposited But Not Cleared |
| 121010400002/05.07.21 | 313415/30.04.22 | 10000 | ,, |
| 1200012101/30.04.22 | - | 5750 | ,, |
| SBI OWN FUND, VAIKOM | | | |
| 12100012001/31.03.22 | - | 3000 | Cheque Deposited But Not Cleared |
| 12.04.22 മുതൽ 30.12.22 വരെ കളക്ഷന് നൽകിയതായി രേഖപ്പെടുത്തിയ 120/- രൂപ വീതമുള്ള 13 ചെക്കുകൾ 3 മാസത്തിനു ശേഷവും കളക്ഷനായതായി കാണുന്നില്ല | | | |
| LGTSB OWN FUND, VAIKOM | | | |
| 12017090030/30.03.2021 | 30.04.22 | 4350 | Cheque Deposited But Not Cleared |
| 32000046/31.03.2020 | 30.04.22 | 46250 | Directly Debited By Bank |
| Federal Bank CFC Vaikom | | | |
| 30.04.22 | 30.04.22 | 22498 | Directly Credited By Bank |

2) മേൽ വിവരിച്ച അക്കൌണ്ടുകളിൽ നിന്നും ഇഷ്യൂ ചെയ്ത ചെക്കുകളിൽ ചില ചെക്കുകൾ 3 മാസത്തിനു ശേഷവും പണം ആയി മാറ്റാത്തവ സ്റ്റെയിൽ ചെക്ക് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/13.03.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അപാതകതൾ പരിഹരിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് സംബന്ധിച്ചുള്ള അപാകതകൾ അടിയന്തിരമായി പരിഹരിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ജീവനക്കാർ 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1) വൈക്കം ബ്ലോക്ക് പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ജീവനക്കാർ (2 അർദ്ധവർഷവും)

2) വൈക്കം ബ്ലോക്ക് പഞ്ചായത്തിലെ കരാർ ജീവനക്കാർ(ഡ്രൈവർ / മറ്റ് വിഭാഗം ജീവനക്കാർ)) (2 അർദ്ധവർഷവും)

3) പോപ്പുലർ മോട്ടോർ വേൾഡ് പ്രൈവറ്റ് ലിമിറ്റഡ് (രണ്ടാം അർദ്ധവർഷം)

4) മെഡിക്കൽ ഓഫീസർ , പി എച്ച് സി , ഉദയനാപുരം (രണ്ടാം അർദ്ധവർഷം)

5) വിളങ്ങാട്ട് ഏജൻസിസ് , ഉദയനാപുരം (രണ്ടാം അർദ്ധവർഷം)

6) നേരേകടവ് ക്ഷീരസഹകരണ സംഘം (രണ്ടാം അർദ്ധവർഷം)

7) ടി എസ് നമ്പർ 37 - കള്ള് ഷാപ്പ് -ഇത്തിപ്പുഴ (രണ്ടാം അർദ്ധവർഷം)
നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/15.03.2023 ന് മറുപടി ലഭ്യമാക്കിയില്ല.
മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടവാക്കി രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1-13 നേരേകടവ് -മാക്കെ കടവ് - കടത്ത് ലേലം - ലേലത്തുക പൂർണ്ണമായി അടവാക്കിയില്ല

2021-2022 വർഷത്തെ നേരേകടവ് -മാക്കെകടവ് - കടത്ത് ലേലം യഥാസമയം നടത്താൻ സാധിക്കാതെ വന്നതിനാൽ 01/04/2021 മുതൽ 22/07/2021 വരെ മുൻ വർഷത്തെ കരാറുകാരനായ റ്റി ജി മാനുവൽ, വിനോദാലയം, ആര്യാട് എന്നയാൾക്ക് പ്രതിമാസം 71200 + GST നിരക്കിൽ നൽകിയിരുന്നു. കൂടാതെ 23/07/2021 മുതൽ 31/03/2022 വരെ കാലയളവിലേക്ക് ടിയാൻ തന്നെയാണ് കടത്ത് ലേലത്തിൽ പിടിച്ചത്. ഈ ഇനത്തിൽ 230833 /- രൂപ കുടിശ്ശികയായി അടക്കുവാൻ അവശേഷിക്കുന്നു. ടി തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/13.3.23) ലഭ്യമാക്കിയ മറുപടിയിൽ തുകയും പലിശയും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ നടന്നുവരുന്നതായും, തുക ഉടനെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് . തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-14 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് - നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തൽ പ്രകാരം വ്യാപാര, വ്യവസായ, വാണിജ്യ ആവശ്യങ്ങൾക്ക് 1019 കെട്ടിടങ്ങൾക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തുനികുതി അസസ് ചെയ്ത് നൽകിയിരിയ്ക്കുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 201 കെട്ടിടങ്ങളിലെ വ്യാപാര വ്യവസായങ്ങൾക്കാണ് ലൈസൻസ് നൽകിയിരിയ്ക്കുന്നത്. ടി കണക്കുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ച് (20%) സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതെന്ന് കാണുന്നു. ഓഡിറ്റ് എൻക്വയറി നം.21/15.03.2023 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന ഉറപ്പുവരുത്തേണ്ടതുമാണ്.

1-15 ഫെസ്റ്റവൽ അഡ്വാൻസ് നൽകിയത് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

2021-22 വർഷത്തെ വാർഷികകണക്കുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ വിവിധ ജീവനക്കാർക്ക് നൽകിയതിൽ 28000 രൂപ തിരികെ ലഭ്യമാകുവാനുള്ളതായി കാണുന്നു. ഇതിൽ 3000 രൂപ തൻ വർഷം നൽകിയതും 25000 രൂപ മുൻ വർഷങ്ങളിലേതുമാണ്. പ്രസ്തുത തുകകൾ ഏതൊക്കെ ജീവനക്കാരിൽ നിന്നും ഈടാക്കുവാനുള്ളതാണെന്നും തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/08.03.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക അതാത് ജീവനക്കാരിൽ നിന്നും 18% പിഴ പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വെള്ളക്കരം-പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ റദ്ദ് ചെയ്തില്ല

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 269 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻ വർഷം പ്രോജക്റ്റ് നം. 92/22 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 1482996 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-273002, റോഡിതരം-1209994) രൂപ അടവാക്കിയിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ /23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ

അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കി വരുന്നതിനാലും ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് സബ്സിഡി നൽകി വരുന്നതിനാലും അത്യാവശ്യമല്ലാത്ത പൊതു ടാപ്പുകൾ റദ്ദ് ചെയ്യാവുന്നതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/08.03.23) വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിനെ തുടർന്ന് 13.12.2021 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ 269 ടാപ്പുകളിൽ 51 ടാപ്പുകൾ മാത്രം നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ബാക്കി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 2022-23 വർഷം പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പദ്ധതി പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം കെ.എസ്.ഇ.ബി വൈക്കം ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ ചേർക്കും പ്രകാരം തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക | ബിൽ /ചെക്ക് നമ്പർ | ഫണ്ടിനം |
|---|---|---|---|---|
| 1 | 115/22, 5-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 172914 | 269/19.03.22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 2 | 116/22, 6-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 174310 | 270/19.03.22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 3 | 118/22, വാർഡ് 16 സ്ട്രീറ്റ് ലൈൻ നീട്ടൽ | 128042 | 271/19.03.22 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 4 | 206/22, ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കൽ | 49995 | 33436-294/23.03.22<br>16559 -295/23.03.22 | വികസനഫണ്ട്,<br>തനത് ഫണ്ട് |
| | ആകെ | 525261 | | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/08.03.23) മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ 525261 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 ജനറേറ്ററിന് എ.എം.സി- കരാർ ചമയ്ക്കുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന് എം.എം.സിയ്ക്കായി 205/22 നമ്പർ പ്രോജക്ട് പ്രകാരം Cinzac Sales &Services Pvt.Ltd. എന്ന സ്ഥാപനത്തിന് തൻ വർഷം വികസന ഫണ്ടിൽ നിന്നും 18580 രൂപയും(ബിൽ നം.37/21-22/30.03.22) തനത് ഫണ്ടിൽ നിന്നും 220 (ബിൽ നം.337/30.03.22) രൂപയും ചേർത്ത് ആകെ 18800 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ എ.എം.സി സംബന്ധിച്ച വ്യവസ്ഥകൾ ചേർത്ത്

ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/08.03.23) മറുപടി ലഭ്യമാക്കിയില്ല.സ്ഥാപനത്തിന് മുൻകൂറായി തുക കൈമാറിയ ശേഷം കരാറിലേർപ്പെടാതിരുന്നാൽ സ്ഥാപനത്തിന്റെ സേവനം സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായൽ ആയത് പരിഹരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതാണ്. ആയതിനാൽ തുടർ വർഷങ്ങളിൽ എ.എം.സി നൽകുമ്പോൾ സ്ഥാപനവുമായി കരാറിലേർപ്പെടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വീട് വാസയോഗ്യമാക്കൽ- തുക അപര്യാപ്തം

2021-22 വർഷം സ്പിൽ ഓവർ ഉൾപ്പെടെ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ആകെ 6 പ്രോജക്ടുകൾ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം ./പേര് | ഒരു ഗുണഭോക്താവിന് നൽകുന്ന പരമാവധി തുക |
|---|---|---|
| പുതിയത് | | |
| 1 | 13/22, വീട് വാസയോഗ്യമാക്കൽ | 40000 |
| 2 | 16/22, മത്സ്യതൊഴിലാളികൾക്ക് വീട് വാസയോഗ്യമാക്കൽ | 40000 |
| 3 | 17/22, വീട് വാസയോഗ്യമാക്കൽ-എസ്.സി | 75000 |
| സ്പിൽ ഓവർ | | |
| 4 | 151/22, വീട് വാസയോഗ്യമാക്കൽ (ജനറൽ) | 40000 |
| 5 | 152/22,വീട് വാസയോഗ്യമാക്കൽ-എസ്.സി | 60000 |
| 6 | 153/22,മത്സ്യതൊഴിലാളികൾക്ക് വീട് വാസയോഗ്യമാക്കൽ | 40000 |

മാർഗ്ഗരേഖ പ്രകാരം പൊതു വിഭാഗത്തിന് 100000 രൂപയും എസ്.സി, എസ്.റ്റി വിഭാഗത്തിന് 150000 രൂപയും ആണ് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം പരമാവധി സബ്സിഡി നൽകാവുന്നത് . എന്നാൽ ഇവിടെ കേവലം നാമമാത്രമായ തുകയാണ് പ്രോജക്ടിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകിവരുന്നത്. വീട് പുനരുദ്ധാരണം പോലെയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതികൊണ്ട് ഗുണഭോക്താവിന് പൂർണ്ണമായ പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള കാഴ്ചപ്പാടോടുകൂടി വിഹിതം നിശ്ചയിക്കേണ്ടതാണ്. കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുക എന്നതിലുപരി നടപ്പിലാക്കുന്ന പദ്ധതികൊണ്ട് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു എന്ന് കൂടി ഉറപ്പാക്കേണ്ടതാണ്. വീട് പുനരുദ്ധാരണം എന്ന പദ്ധതിക്ക് കേവലം 40000 രൂപ മാത്രം നൽകുന്നതു കൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ തുടർ വർഷങ്ങളിൽ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി (ജനറൽ)- വീട് നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ വെച്ച് തുക കൈമാറിയിട്ടുള്ള ജനറൽ വിഭാഗത്തിൽപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | പൂർത്തിയാക്കിയ ഘട്ടം | നാളിതുവരെ നൽകിയ തുക |
|---|---|---|---|
| 1 | ഗീത ദിലീപ്,ഇടപ്പറമ്പിൽ | ഭിത്തി | 300000 |
| 2 | സുലോചന ബാബു, മഠത്തിൽ | റൂഫ് | 340000 |
| 3 | ഷീന ഷാജി,പൂജത്തറ | തറ | 200000 |
| 4 | സരസു മണിയൻ,കളത്തിൽ | റൂഫ് | 350000 |
| 5 | ശ്രീദേവി രാജേഷ്, നാലുകണ്ടത്തിൽ | റൂഫ് | 360000 |
| 6 | സിംല ശശി, വെണ്ണൻചിറ | റൂഫ് | 360000 |
| 7 | അജിതകുമാരി, തുണ്ടത്തിൽപാടത്ത് | റൂഫ് | 350000 |
| 8 | വത്സല പ്രസാദ്, ഈനംപ്ലാവിത്തറ | റൂഫ് | 360000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/13.03.23) ക്രമ നം.3 ഒഴികെയുള്ള ഗുണഭോക്താക്കളെ കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമനം.3 ലെ ഷീന ഷാജി, പൂജത്തറ എന്ന ഗുണഭോക്താവിന് വീട് നിർമ്മാണം ആരംഭിയ്ക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശചെയ്യുന്നതിനായി കത്തയയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. വീട് നിർമ്മാണം ആരംഭിയ്ക്കാത്ത ഗുണഭോക്താവിൽ നിന്ന് തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും മറ്റ് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതുമാണ്.

1-21 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും - അനുവദനീയമായതിലും അധികം തുക നൽകി.

| | | |
|---|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ | |
| പ്രോജക്ട് | ഭിന്നശേഷിക്കാരായകുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | |
| പ്രോജക്ട് നമ്പർ | 9/22 | 167/22 |
| അടങ്കൽ | 1160600 | 1250000/- പ്ലാൻ |
| ഫണ്ടിനം | പ്ലാൻഫണ്ട്(ജനറൽ) – 550000/- ബ്ലോക്ക് വിഹിതം –250000/- ജില്ലാ പഞ്ചായത്ത്- 360600/- | 1250000/- പ്ലാൻ ഫണ്ട്) ജനറൽ |
| ചെലവ് | 1,010,600/- | 125000/- (പ്ലാൻ ഫണ്ട്) ജനറൽ |
| ബിൽനമ്പർ | 3/18.11.21 - 335650/- (പ്ലാൻ ഫണ്ട്) | 7/12.01.22 -125000/- |
| | 6/12.01.22 - 214350 /- | |

| | | |
|---|---|---|
| | (പ്ലാൻ ഫണ്ട്) ജനറൽ | |
| | 5/12.01.22 - 100000/- (ബ്ലോക്ക് വിഹിതം | |
| | 9/24.02.22 - 250000/- (ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | 11/16.03.22 - 110600/- (ജില്ലാ പഞ്ചായത്ത് വിഹിതം) | |

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഒരു വർഷം അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം അനുവദിക്കാവുന്നതിൽ അധികം തുക നൽകിയതായി കാണുന്നു. സ്കോളർഷിപ്പ് ഇനത്തിൽ അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-11/13.03.23) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ഫണ്ട് അപര്യാപ്തമായതിനാൽ (ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് വിഹിതം) അനുവദനീയമായ സ്കോളർഷിപ്പ് തുക നൽകാൻ സാധിച്ചില്ല. ബാലൻസ് തുക നൽകുന്നതിന് 2021-22വാർഷിക പദ്ധതിയിൽ (167/22) ഉൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതെന്നും അറിയിച്ചു. ഇപ്രകാരം പദ്ധതി രൂപികരിച്ച് തുക ചെലവഴിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നെന്നും ബാലൻസിനത്തിൽ എത്ര രൂപയാണ് നൽകേണ്ടതെന്നുള്ള പത്രിക തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. അതിനാൽ ബാലൻസിനത്തിൽ നൽകേണ്ട തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. ഗുണഭോക്താക്കളുടെ എണ്ണം,തുകയുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി പത്രിക തയ്യാറാക്കി രേഖാമൂലം അറിയിക്കുന്നതുവരെ ചെലവഴിച്ച 48000/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | അനുവദനീയമായത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | അമ്പിളി പി എസ് /പദ്മകുമാരി റ്റി | 31500 | 28500 | 3000 |
| 2 | സൂര്യൻ സനിൽ / സനൽ സി കെ | 40500 | 28500 | 12000 |
| 3 | അനു പ്രശാന്ത് / മായമോൾ | 34500 | 28500 | 6000 |
| 4 | ഹരി എ നായർ /അരവിന്ദാക്ഷൻ നായർ | 31500 | 28500 | 3000 |
| 5 | സായികൃഷ്ണ / മീനുമോഹൻ | 31500 | 28500 | 3000 |
| 6 | പ്രണവ് കെ പി | 31500 | 28500 | 3000 |
| 7 | ശിവദേവ് ജെ | 31500 | 28500 | 3000 |
| 8 | വൈശാഘ് ഷാജി / പ്രസന്ന | 40500 | 28500 | 12000 |
| 9 | റോണി വർഗീസ് / ജെസ്സി | 31500 | 28500 | 3000 |

| | | | | |
|---|---|---|---|---|
| 10 | അലക്സ് വർഗീസ് /ജെസ്സി | 31500 | 28500 | 3000 |
| | | | | 48000/- |

1-22 സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ - പ്രൊക്യൂർമെന്റ് മാന്വൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച് എം ഗവൺമെന്റ് എൽ പി എസ് |
| പ്രോജക്ട് | 68/22വിവിധസ്കൂളുകൾക്ക്ഫർണ്ണിച്ചർ |
| ചെലവ് | 299,838/- |
| ബിൽ നം | 1/24.03.22- 149270/<br>2/24.03.22 - 150568/- |
| ഇൻവോയിസ് നം- | 036/15.03.22<br>037/17.03.22 |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 6 ഗവൺമെന്റ് സ്കൂളുകൾക്ക് ഉപകരണങ്ങൾ ( ജഫ്ലേഷൺചെയർ-60 അലമാര-1, ബഞ്ച് & ഡെസ്ക് 16) വാങ്ങി നൽകുന്നതിനായിരുന്ന പ്രോജക്ട് ആവിഷ്കരിച്ചത്. ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 5 സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ ലഭിച്ചു. ഇതിൽ എറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 3 സ്ഥാപനങ്ങളിലെ (സ്റ്റീൽ എക്യുപ്പ്മെന്റ്, കോട്ടയം, ലാക്കോ മെഡിക്കൽ ഡിവൈസ്സ്, പടിഞ്ഞാറേക്കര, കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്കസ്, തലയാഴം ) ഉൽപ്പന്നങ്ങളുടെ സാമ്പിൾ പരിശോധിച്ച് വില, ഗുണമേൻമ എന്നിവ ഉറപ്പ് വരുത്തുന്നതിന് 10.12.21ൽ ചേർന്ന പഞ്ചായത്ത് പ്രോക്യർമെന്റ് കമ്മറ്റിയിൽ തീരുമാനം എടുത്തിരുന്നു. മേൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് സ്ഥാപനങ്ങളിലെയും ഉൽപ്പന്നങ്ങളുടെ സാമ്പിൾ പരിശോധിച്ച് ഗുണമേൻമ റിപ്പോർട്ട് തയ്യാറാക്കി, സാങ്കേതിക വിദഗ്ധന്റെ അഭിപ്രായം രേഖപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം പരിശോധന റിപ്പോർട്ട് തയ്യാറാക്കാതെ 07.02.22 ലെ 1(7) നമ്പർ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്ക് ക്വൊട്ട് ചെയ്ത ലാക്കോ മെഡിക്കൽ ഡിവൈസ്സ്,പടിഞ്ഞാറേക്കര, എന്ന സ്ഥാപനത്തെ (ഗുണമേൻമയുള്ളതും വിലകുറഞ്ഞതുമായ ഏജൻസിയായി കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയിരിക്കുന്നു) തിരഞ്ഞെടു ക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-7/10.03.23) മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങൾ/ഉപകരണങ്ങൾ ക്വൊട്ടേഷൻക്ഷണിച്ച് വാങ്ങുന്നതിന് മുൻപ് സാമ്പിളുകൾ നിർവ്വഹണോദ്യോഗസ്ഥനും ജനപ്രതിനിധിയും സാങ്കേതിക വിദഗ്ധൻ ഉൾപ്പെട്ട സമിതി പരിശോധിച്ച് ഗുണമേൻമ ഉറപ്പ് വരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-23 കറവപശുക്കളെ വാങ്ങൽ - സബ്സിഡി മാർഗരേഖ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
പ്രോജക്ട് നം. 60/22, 63/22 – കറവപശുക്കളെ വാങ്ങൽ
ചെലവ് – 780000 (പ്ലാൻ), 945000 (SCP ഫണ്ട്)
പ്രോജക്റ്റ് നം 60/22(ജനറൽ), 63/21(എസ് സി പി) പ്രകാരം 47 (26+21= 47) ഗുണഭോക്തക്കൾക്ക് പശുക്കളെ വാങ്ങുന്നതിന് 1,725,000/-രൂപ (780,00+945,000= 1,725,000/-) സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ.( കൈ) നം 22/2018/തസ്വഭവ ,തീയതി 14.08.2018 ഖണ്ഡിക 6.2.1 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറും ഒരു ജനപ്രതിനിധി ചെയർമാനും അഞ്ചു ഗുണഭോക്താക്കളും ഉൾപ്പെടുന്ന പർച്ചേസിംഗ് കമ്മറ്റി രൂപികരികരിക്കേണ്ടതും ടി കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ച് ഉരുക്കളെ വാങ്ങേണ്ടതുമാണ്. ഫയൽ പരിശോധനയിൽ

കമ്മറ്റി രൂപീകരിച്ച് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉരുക്കളെ വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം- 19/15.03.23) മറുപടി ലഭിച്ചില്ല. സബ്സിഡി മാർഗരേഖ പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററനറിസർജൻ |
| പ്രോജക്ട് നം | 56/22 |
| ചെലവ് | 500000/-രൂപ(വികസനഫണ്ട്) |
| ബിൽ നം. | 7/21-22/07.03.22 |

80 ഗുണഭോക്താക്കളുടെ 4-6 മാസം പ്രായമുള്ള കിടാരികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്.പ്രോജക്ടിന്റെ സബ്സിഡി വിഹിതം 500000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No-708011400000050) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.04/22 മുതലാണ് കാലിത്തീറ്റ വിതരണം ആരംഭിച്ചത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-25 ഗുണഭോക്തൃ വിഹിതം ഇനത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച തുക – തിരികെ ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് | 95/22സുഭിക്ഷകേരളംപദ്ധതി-ഫലവൃക്ഷതൈ വിതരണം |
| ചെലവ് - | 37863/- പ്ലാൻഫണ്ട്. |
| ബിൽ നം | 9/24.2.22,11/4.03.22 |

മേൽ പ്രോജക്ട് പ്രകാരം കൃഷി വിജ്ഞാൻ കേന്ദ്രം ,കുമരകം, ആർ എ ആർ എസ് ,കുമരകം എന്നിവിടങ്ങളിൽനിന്ന് ഫലവൃക്ഷതൈകൾ വാങ്ങിയതിന് സ്ഥാപനത്തിന് നൽകിയ ബിൽ തുകയിൽ വികസന ഫണ്ടിൽ നിന്നും ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ട തുക മാറി നൽകിയിരുന്നു. 75 % മാത്രമാണ് വികസന ഫണ്ടിൽ നിന്നും നൽകാമായിരുന്നത് .കൂടാതെ പിന്നീട് ഗുണഭോക്തൃവിഹിതവും നൽകി (പദ്ധതി വിഹിതം -75%, ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് 25%-) പ്ലാൻ ഫണ്ടിൽ നിന്ന് ഗുണഭോക്തൃവിഹിതം ഇനത്തിൽ അധികം നൽകിയ തുക 2025/-രൂപ (844+1181=2025/-)സ്ഥാപനങ്ങളിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നൽകിയിട്ടുണ്ട്. തുക തിരികെ ലഭ്യമായിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം - 24/15.03.23) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾ തുക തിരികെ നൽകുമെന്ന് കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക തിരികെ ഈടാക്കി പ്ലാൻഫണ്ടിലേക്ക് തിരികെ അടവാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

1-26 ലൈഫ് ഭവനപദ്ധതി (എസ്.സി)-ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | SO 19/22 , ലൈഫ് ഭവന പദ്ധതി (എസ് സി ) |
| അടങ്കൽ | 228892171 |
| ചെലവ് | Rs. 3040000/- |

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിവരുന്ന ലൈഫ് ഭവനപദ്ധതി (എസ്.സി) എന്ന പ്രോജക്ടിനായി തൻ വർഷം 3040000/- രൂപ ചെലവഴിച്ചിട്ടുണ്ട് .മുൻ വർഷങ്ങളിൽ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ നിരവധി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1. അശ്വനി വി കരുണാകരൻ ,വേമ്പനാലിൽ – വാർഡ് 10 – 4000
2. ദേവരാജൻ ഇടക്കാട്ടിൽ -വാർഡ് 1 – 40000
3. ഗിരീഷ് കണിയാന്തറ – വാർഡ് 1 – 360000
4. ഗൗരി , മഠത്തിപ്പറമ്പിൽ – വാർഡ് 1 – 40000
5. മനോഹരൻ , വഴുതുകാട്ടിൽ – വാർഡ് 1- 360000
6. മനോജ് കെ കെ , കുഴിക്കാട്ട് ചിറ – വാർഡ് 6 – 40000
7. പ്രിൻസ് എം എം അത്തിത്താഴം – വാർഡ് 4 – 200000
8. രമേശൻ കുടകുത്തിൽ – വാർഡ് 4 – 360000
9. ഷൈലശ്രീ , വൈപ്പാർക്കാട്ട് – വാർഡ് 1 – 40000
10. സുനിത മോൾ , പുതുവൽ നികർത്ത് – വാർഡ് – 3360000
11. ഉമേഷ് , കുഴിക്കാട്ടുചിറയിൽ – വാർഡ് 6 – 40000
12. നീന അനന്തൻ , വെള്ളിച്ചാലിൽ – വാർഡ് 6 – 40000
13. ഷൈൻ പി വി , പണ്ടാരക്കണ്ടം – വാർഡ് 1 – 40000
14. അശ്വതി തേവർ പടവിൽ – വാർഡ് – 40000
15. ചന്ദ്രൻ റ്റി ഐ , തൈ വേലിക്കകത്ത് –40000
16. തിലകൻ , കണ്ണം കേരിൽ – 40000
17. അഭിലാഷ് , കരിമല ക്കാട് – 40000
18. ഇന്ദിരാ പൊന്നപ്പൻ , വടക്കേ വാഴമന – 40000
19. കുഞ്ഞുമണി , കണിയാന്തറ – 40000
20. രാഹുൽ , മുക്കുണ വേലിൽ – 40000
21. കൃഷ്ണനുണ്ണി , തൊഴമഠം – 40000

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു .

1-27 അഗതി രഹിത കേരളം പദ്ധതി- പദ്ധതിത്തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | SO 07/22 , ആശ്രയ പദ്ധതി |
| ചെലവ് | Rs. 400000/- |
| ബിൽ നം | 2/13.10.21 - 400000/- |

മേൽ പദ്ധതി പ്രകാരം അഗതി രഹിത കേരളം പദ്ധതിക്കായി സി ഡി എസ്സ് - ന്റെ കീഴിലുള്ള Destitution Free Kerala -ടെ പേരിലുള്ള 4670101005937 നമ്പർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം , പാസ് ബുക്ക് , ടി പദ്ധതിയുടെ ക്യാഷ് ബുക്ക് , ചലഞ്ച് ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണൻക്കുറിപ്പിന് (13/13.3.23) ലഭ്യമാക്കിയ മറുപടിയിൽ ടി തുകയിൽ 175000 രൂപ ഭവന പുനരുദ്ധാരണത്തിനായി ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി നൽകിയതായും ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കേണ്ടതും വിനിയോഗ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

കൂടാതെ Destitution Free Kerala -ടെ പേരിലുള്ള 4670101005937 നമ്പർ അക്കൗണ്ടിൽ നിലവിൽ (04/03/2023 ൽ ) 1868164 /- രൂപ നീക്കിയിരിപ്പുണ്ട്. ടി തുകയിൽ കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്ന ചലഞ്ച് ഫണ്ട് , അഗതി രഹിത കേരളം/ ആശ്രയ പദ്ധതിക്കായി മുൻ കാലങ്ങളിൽ നൽകിയ പദ്ധതി വിഹിതം എന്നിവ ഉൾപ്പെടുന്നുണ്ട്. മുൻ കാലങ്ങളിൽ നൽകിയ പദ്ധതി വിഹിതത്തിന്റെ കൃത്യമായ ചെലവ് കണക്കാക്കി ചെലവഴിക്കാത്ത തുക അവശേഷിക്കുന്നുണ്ടെങ്കിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ് . പദ്ധതി തുക പൂർണ്ണമായി വിനിയോഗിക്കുന്നതുവരെ 4 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പി.എച്ച്.സിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രോജക്ട് പ്രകാരം കെ.എം.എസ്.സി.ൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 33248/- രൂപ കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ബില്ലിന്റെ വിശദാംശങ്ങൾ | ലഭിക്കാനുള്ള മരുന്നുകൾതുക (രൂപ) |
|---|---|---|---|
| 1 | നം.72- പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ. ചെലവ്- 299895/- രൂപ | ബിൽ നം- 12/22തീയതി 12.07.22 , 33248/- രൂപ. | 1238 |

എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 1238/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-29 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 2021-22 വർഷം ഉദയനാപുരം ഗവ.യു.പി. സ്കൂളിൽ ഡി.സി. സി പ്രവർത്തിച്ചിരുന്നു. ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 244226 രൂപ തൻവർഷം ലഭിച്ചിട്ടുണ്ട് . സംഭാവന സ്വീകരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ നിന്നും തൻവർഷം 425000 രൂപ പ്രസിഡന്റിന്റേയും നോഡൽ ഓഫീസറുടേയും പേരിൽ കാത്തലിക് സിറിയൻ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും അതിൽ നിന്നും പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നിലവിൽ 54113 രൂപ നീക്കിയിരിപ്പുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, വിവിധ അനൗൺസ് മെന്റുകൾ, വിവിധ തലങ്ങളിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ, എന്നിവ നടത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 07.03.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 498000 | ലൈഫ് എസ്.സി.പി-19/22 | 498000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | അംഗൻവാടി പോഷകാഹാരം-8/22 | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ഭിന്നശേഷി സ്കോളർഷിപ്പ്-9/22 | 100000 | 0 |
| ആകെ | 673000 | | 673000 | 0 |
| ജില്ലാ പഞ്ചായത്ത് | 542000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) 19/22 | 542000 | 0 |
| ജില്ലാ പഞ്ചായത്ത് | 360600 | ഭിന്നശേഷി സ്കോളർഷിപ്പ് 9/22 | 360600 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | അംഗൻവാടി പോഷകാഹാരം-8/22 | 300000 | 0 |
| ആകെ | 1202600 | | 1202600 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ,പേര് | മുൻകൂർ നൽകിയ തുക | ബിൽ /ചെക്ക് നമ്പർ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | 115/22, 5-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 172914 | 269/19.03.22 | 0 | 172914 |
| 2 | ” | 116/22, | 174310 | 270/19.03.22 | 0 | 174310 |

| | | | | | | |
|---|---|---|---|---|---|---|
| | | 6-ാം വാർഡിൽ സ്ലീറ്റ് ലൈൻ നീട്ടൽ | | | | |
| 3 | ” | 118/22, വാർഡ് 16 സ്ലീറ്റ് ലൈൻ നീട്ടൽ | 128042 | 271/19.03.22 | 0 | 128042 |
| 4 | ” | 206/22, ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കൽ | 49995 | 33436-294/23.03.22 16559 -295/23.03.22 | 0 | 49995 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | ----- | 38512680 | 4458667 | --- | 34054013 |

4-6 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിൽ സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

തൻവർഷം 35798 രൂപ വരവുണ്ട്. രജിസ്റ്ററിലെ രേഖപ്പെടുത്തൽ കൃത്യമല്ലാത്തതിനാൽ വിശദാംശം ലഭ്യമായിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 2013-14 | വിഷയാധിഷ്ഠിത അവലോകനംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4-1-5 | എസ് സി വർക്ക് ഷെഡ് വ്യവസായങ്ങൾ തുടങ്ങിയിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്, |
| 2015 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-5 | 2015-16 | 3-6-2 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പട്ടികജാതി പട്ടികവർഗ വികസനപദ്ധതി നിർവ്വഹണം/വാഴമനഭാഗത്ത് എസ് സി സങ്കേതത്തിലേക്ക് വഴിസൗകര്യം ഇല്ല. | ” |
| 2015- | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-4 | 2015-16 | 3-7-11 | എസ് സി/ എസ് റ്റി കർമ്മ സമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല. | ” |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | ” |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ” |
| 2019-20 | 1-22 | 2020-21 | അനുബന്ധം-1 | സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 91234829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79424256 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 973261 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 525261 | ശ്രീമതി ആശാറാണി , സെക്രട്ടറി |
| 1-21 | 48000 | ശ്രീമതി അഞ്ജന ആർ നായർ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-28 | 400000 | ശ്രീമതി റംലാ എം.വി. അസി. സെക്രട്ടറി |
| ആകെ | 973261 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/675/16 /1.10.2016 | 3 |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16 /25.08.2016 | 1 |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6 /11-31.08.11 | 1 |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6 /11(6)/31.08.11 | 1 |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6/1002(1) /17/30.12.2017 | 10 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(1)2018, 08.01.18 | 4 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(3) /17/30.12.2017 | 4 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/2552/22 /31.03.23 | 5 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375 (2)/22/20.08.22 | 6 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(3)/22/20.08.22 | 10 |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 18/37(6) /18/08.01.18 | 8 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(4)/22/20.08.22 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/അദാ 33/375(5)/22/20.08.22 | 21 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി 6/348/2018 /20.02.18 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928 /16/03.01.23 | 10 |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/1454/22/20.08.22 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401 /19/24.08.22 | 13 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.6/23 /20/27.10.22 | 30 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.6/766 /21/29.11.22 | 19 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.6/1712 /21/26.10.22 | 26 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്